പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2711 07.12.2018-ലെ മറുപടിക്ക്**

## അംബേദ്കർ ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നവീകരണം നടത്തുന്ന കോളനികൾ ഏതൊക്കെയാണ്; | (എ) | 1. യോഗപ്പറമ്പ് കിഴക്ക് കോളനി<br>2. എസ്.എം.പി കോളനി |
| (ബി) | ഇവയ്ക്കായി എത്ര രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; | (ബി) | ഒരു കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | ഈ കോളനികളുടെ നവീകരണം നടത്തുന്നത് ഏത് സ്ഥാപനം മുഖേനയാണെന്ന് വ്യക്തമാക്കുമോ; | (സി) | കേരള ഇലക്ട്രിക്കൽ & അലൈൻഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന ഏജൻസി |
| (ഡി) | ഈ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദാംശ സഹിതം അറിയിക്കുമോ; | (ഡി) | യോഗപ്പറമ്പ് കിഴക്ക് കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. എസ്.എം.പി കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട് |
| (ഇ) | ഈ പ്രവർത്തനങ്ങളിലെ കാലതാമസം എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (ഇ) | ഏജൻസിയുടെ ഭാഗത്തുനിന്നുള്ള നടപടികൾ വൈകുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | ഈ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ? | (എഫ്) | എല്ലാ കോളനികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ 2019 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുവാൻ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ